**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് കുമാരി കെ.ജെ. കവിതയ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ(സാധാ) നമ്പർ.2015/2017/തസ്വഭവ  തിരുവനന്തപുരം, തീയതി.17/06/2017

---

പരാമർശം: 1) കുമാരി. കെ.ജെ. കവിതയുടെ 23.11.2016 ലെ ശൂന്യവേതനാവധിയപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 22.02.2014 ലെ ഇ 6-6345/17 നമ്പർ കത്ത്.
3) സ.ഉ.(സാധാ)നം.1834/14/തസ്വഭവ തീയതി 16.07.2014.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് കുമാരി കെ.ജെ. കവിതയ്ക്ക് കേരള യൂണിവേഴ്സിറ്റിയ്ക്ക് കീഴിലെ യൂണിവേഴ്സിറ്റി കോളേജിൽ പി.എച്ച്.ഡി പ്രൊഗ്രാം ചെയ്യുന്നതിലേക്ക് ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അവധിയപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. കുമാരി കെ.ജെ. കവിത, 17.03.2014 ൽ ക്ളാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് 01.06.2014 മുതൽ 28.02.2017 വരെ പരാമർശം (3) പ്രകാരം ഉപരിപഠനാർത്ഥം ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതാണ്. ടിയാൾ ഏർപ്പെട്ടിരിയ്ക്കുന്ന ഗവേഷണം പൂർത്തിയാക്കുന്നതിനായി 28.02.2017 മുതൽ 28.02.2018 വരേക്കാണ് അപേക്ഷിച്ചിട്ടുള്ളത്. യൂണിവേഴ്സിറ്റി കോളേജ് അസോസിയേറ്റ് പ്രൊഫസർ നൽകിയ നല്കിയ കോഴ്സ് സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ സീതത്തോട് ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് കുമാരി കെ.ജെ. കവിതയ്ക്ക് പി.എച്ച്.ഡി പ്രൊഗ്രാം ചെയ്യുന്നതിലേക്ക് 01.03.2017 മുതൽ 28.02.2018 കാലയളവിലേക്ക് കെ എസ് ആർ ഭാഗം 1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്കു വിധേയമായും ഇപ്രകാരം ഉണ്ടാകുന്ന ഒഴിവ് നികത്താൻ പാടുള്ളതല്ല എന്ന നിബന്ധനയിലും ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീജിത്. വി.പി**

**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, സീതത്തോട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
കുമാരി കെ.ജെ. കവിത, ക്ളാർക്ക്, സീതത്തോട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പിന് ( 09.05.2017 ലെ RULES-B2/93/2017-FIN (E 460808) നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ ഐ.കെ.എം ( വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന്)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/79/17/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ